DESPATCHED
On..26/02/2020

21.1.20

സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
തിരുവനന്തപുരം 695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic@kerala.nic.in

## ഹർജി നമ്പർ AP No.1176(7)/2013/എസ്.ഐ.സി.

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

(ഫയൽ നം.7851/എസ്.ഐ.സി–ജി 6/2013)

സന്നിഹിതൻ

ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

| | |
|---|---|
| ശ്രീ. എ.സഹദേവൻ,<br>തോപ്പുവെളിയിൽ, സി.എം.സി–14,<br>മരുത്തോർവട്ടം പി.ഒ, ചേർത്തല. | അപ്പീൽ ഹർജിക്കാരൻ |

Vs

| | |
|---|---|
| 1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,<br>ചേർത്തല നഗരസഭ, മുനിസിപ്പൽ ഓഫീസ്,<br>ചേർത്തല, ആലപ്പുഴ – 688 524.<br>2. അപ്പീൽ അധികാരി,<br>ചേർത്തല നഗരസഭ, മുനിസിപ്പൽ ഓഫീസ്,<br>ചേർത്തല, ആലപ്പുഴ – 688 524. | എതിർകക്ഷികൾ |

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 29.01.2013 |
| മറുപടി ലഭ്യമാക്കിയ തീയതി | 13.02.2013 |
| ഒന്നാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 28.02.2013 |
| മറുപടി ലഭ്യമാക്കിയ തീയതി | 20.03.2013 |
| രണ്ടാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 05.06.2013 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 07.06.2013 |
| ഹിയറിംഗ് തീയതി & സ്ഥലം | 17.01.2020 & സംസ്ഥാന വിവരാവകാശ കമ്മീഷൻ, തിരുവനന്തപുരം |
| ഹിയറിംഗിലെ സാന്നിദ്ധ്യം<br>സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ<br>അപ്പീൽ ഹർജിക്കാരൻ | <br>ഹാജരായി<br>ഹാജരായില്ല (മരണപ്പെട്ടു) |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പ് പ്രകാരം അപ്പീൽ ഹർജിക്കാരനായ ശ്രീ.എ.സഹദേവൻ 05.06.2013 ന് സമർപ്പിച്ച അപ്പീൽ ഹർജി 07.06.2013 ന് കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് **AP.No.1176(7)/2013/SIC** ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് ലഭ്യമായ മറുപടി തൃപ്തികരമല്ലാത്ത തിനാൽ അപ്പീൽ സമർപ്പിച്ചുവെങ്കിലും ടി അപ്പീലിന്മേലും സത്യസന്ധമായ മറുപടി നൽകാതെ പരസ്പര വിരുദ്ധമായ മറുപടിയാണ് നൽകിയതെന്നും ആയതിനാൽ ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ കൃത്യമായി ലഭ്യമാക്കണമെന്നുമാണ്.

3. അപ്പീൽ ഹർജിക്കാരൻ 29.01.2013 ൽ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്, ചേർത്തല നഗരസഭയുടെ കീഴിൽ പ്രവർത്തിച്ചു വരുന്ന ചേർത്തല മുനിസിപ്പൽ 14-ാം വാർഡിലെ 11-ാം നമ്പർ (പഴയ നമ്പർ-125) അംഗൻവാടിക്കായി 2008-ൽ പണി ആരംഭിച്ച ചുറ്റുമതിൽ നിർമ്മാണം നാളിതുവരെ ആയി പണി പൂർത്തിയാക്കിയിട്ടില്ലായെന്നും എന്തു കാരണത്താലാണ് ഇതിന്റെ നിർമ്മാണം തടസ്സപ്പെട്ടിരിക്കുന്നത്, പ്രസ്തുത ചുറ്റുമതിലിന്റെ നിർമ്മാണം നിർത്തി വെയ്ക്കുന്നതിന് നഗരസഭ എന്തെങ്കിലും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് അനുവദിച്ചു തരുമോ എന്നതുമായി ബന്ധപ്പെട്ട് 5 വിവരങ്ങളായിരുന്നു.

4. ഒന്നാം എതിർകക്ഷി 15.07.2013, 19.11.2019 എന്നീ തിയതികളിലായി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, അപ്പീൽ ഹർജിക്കാരൻ സമർപ്പിച്ച അപ്പീലിനും അപേക്ഷയ്ക്കും കൃത്യമായും സമയബന്ധിതമായും മറുപടി നൽകിയിട്ടുള്ളതാണ്. ജനകീയാസൂത്രണ പദ്ധതി 2009-10 പ്രകാരം 48000/- രൂപയാണ് ടി അംഗനവാടിയുടെ ചുറ്റുമതിൽ നിർമ്മാണത്തിനായി വകയിരുത്തിയിരുന്നത്. ആയ തിന് 22.06.2009 ൽ ടെണ്ടർ ക്ഷണിച്ചതിൽ 02.07.2009 ൽ എസ്റ്റിമേറ്റ് നിരക്കിനേക്കാൾ 45% കൂടുതൽ രേഖപ്പെടുത്തിയ ശ്രീ.പി.ലെജിമോന്റെ ഏക ടെണ്ടർ ലഭിക്കുകയും ഇ എം.ഡി. ആയി 1000/- രൂപയുടെ എൻ.സി.സി. യും ലഭിക്കുകയുണ്ടായിയെന്നും ടിയാ നുമായി നെഗോഷിയേഷൻ നടത്തിയ പ്രകാരം എസ്റ്റിമേറ്റ് നിരക്കിൽ പ്രവൃത്തി നട ത്തിക്കൊള്ളാമെന്ന് ലെജിമോൻ അപേക്ഷ നൽകിയതിന്റെ അടിസ്ഥാനത്തിൽ

കൗൺസിൽ അംഗീകരിക്കുകയും കരാർ വയ്ക്കുന്നതിന് കരാറ്കാരന് നോട്ടീസ് നൽകുകയും ചെയ്തു. ടി വിഷയം സംബന്ധിച്ച് പ്രദേശവാസികളോ, വാർഡ് കൗൺസിലറോ നാളിതുവരെ നഗരസഭയിൽ പരാതികൾ ഒന്നുംതന്നെ നൽകിയിട്ടില്ലെന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും 18.11.2019 ൽ എതിർകക്ഷി സമർപ്പിച്ച റിപ്പോർട്ടും പരിശോധിച്ചതിലും എതിർകക്ഷിയെ നേരിൽ കേട്ടതിലും അപ്പീൽ ഹർജിക്കാരൻ സമർപ്പിച്ച അപ്പീലിനും അപേക്ഷയ്ക്കും കൃത്യമായും സമയബന്ധിതമായും മറുപടി നൽകിയതായി കമ്മീഷൻ വിലയിരുത്തുന്നു. അപ്പീൽ ഹർജിക്കാരന്റെ അപ്പീൽ അപേക്ഷയിന്മേൽ ലഭ്യമാക്കാൻ കഴിയുന്ന വിവരങ്ങൾ എതിർകക്ഷികൾ ഹർജിക്കാരന് നൽകിയ സാഹചര്യത്തിലും അപ്പീൽ ഹർജിക്കാരൻ മരണപ്പെട്ടുപോയതായി എതിർകക്ഷി അറിയിച്ച സാഹചര്യത്തിലും ടി അപ്പീലിന്മേൽ തുടർനടപടികൾ ആവശ്യമില്ലെന്ന് കമ്മീഷൻ ഉത്തരവാകുന്നു.

6. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2020, ജനുവരി 21– ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

ഒപ്പ്
**ഡോ.കെ.എൽ.വിവേകാനന്ദൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**ജോയിന്റ് സെക്രട്ടറി (ഫിനാൻസ്)**

JN

RIGHT TO INFORMATION